

(തേരാളി മാസിക. കോട്ടയം)

# സ്വാമി ആത്മാനന്ദഃ

**പി**ൽക്കാലത്ത് ആത്മാനന്ദ എന്ന സന്യാസദീക്ഷാനാമത്തിൽ വിഖ്യാതനായ ശ്രീ കൃഷ്ണമേനോൻ എന്ന പോലീസുദ്യോഗസ്ഥന് പത്മനാഭപുരം കൊട്ടാരത്തിന് സമീപംവച്ച് പരമാത്മ സാക്ഷാത്ക്കാരത്തിന് അവസരം ഉണ്ടാക്കിക്കൊടുക്കുകയും പെട്ടെന്ന് ആത്മാന്വേഷണത്തിന്റെ മാർഗ്ഗത്തിലേക്ക് തിരിച്ചു വിടുകയും ചെയ്തത് പ്രഭാകരസിദ്ധയോഗിയല്ലാതെ മറ്റാരുമല്ല. തന്റെ മുൻപിൽ പെട്ടെന്ന് പ്രത്യക്ഷപ്പെട്ട അവധൂതയോഗി ആരാണെന്ന് വളരെക്കാലത്തേക്ക് കൃഷ്ണമേനോന് മനസ്സിലായിരുന്നില്ല. എന്നാൽ 'രാധാമാധവം' എന്ന തന്റെ പ്രസിദ്ധമായ കാവ്യം രചിക്കുന്ന സന്ദർഭത്തിൽ വീണ്ടും ദർശനം ഉണ്ടായി എന്നും, പല ദിവസങ്ങൾ തന്നെ ആറന്മുളയിൽ ഒന്നിച്ച് കഴിഞ്ഞുവെന്നും അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽനിന്നും, കുടുംബാംഗങ്ങളിൽനിന്നും അറിയുവാൻ കഴിഞ്ഞു.

(ആത്മാനന്ദ സ്വാമികളുടെ 'രാധാമാധവലീല' എന്നാരംഭിക്കുന്ന ശ്ലോകം വ്യാഖ്യാനിക്കവെ കന്യാകുമാരി ആനന്ദ കുടീരത്തിൽ ജ്ഞാനാനന്ദ സരസ്വതികൾ വെളിപ്പെടുത്തിയത്.)